ക്ലാസ്സ് 12

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2024-25

ആകെ മാർക്ക്	80
പാർട്ട് 1	60
പാർട്ട് 2	20
സമയം	2 മണിക്കൂർ

പാർട്ട് 1

ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. 5×1=5

1. പഴയനിയമത്തിന്റെ ഗ്രീക്ക് വിവർത്തനം.
(ബിബ്ലിയ, സെപ്ത്വജിന്ത്, വുൾഗാത്ത)
2. തിന്മ ചെയ്യാനുള്ള ക്ഷണവും പ്രേരണയുമാണ്.
(പ്രലോഭനങ്ങൾ, അധികാരമോഹം, വ്യക്തിപൂജ)
3. സുഖലോലുപതയുടെ കൂട്ടാളി.
(വ്യർത്ഥാഭിമാനം, ധൂർത്ത്, അലസത)
4. ആടയാഭരണങ്ങളോടും അലങ്കാരവസ്തുക്കളോടുമുള്ള അതിരു കടന്ന ആഗ്രഹം.
(ദ്രവ്യാഗ്രഹം, ആഡംബരഭ്രമം, മത്സരബുദ്ധി)
5. ക്രിസ്തീയ ജീവിതത്തിന്റെ മാനദണ്ഡം.
(നിയമങ്ങൾ, പ്രവാചകൻമാർ, ദൈവവചനം)

ഒറ്റവാക്കിൽ ഉത്തരമെഴുതുക. 5×1=5

6. വിശ്വാസംമൂലം വാഗ്ദത്തഭൂമിയിൽ ഒരു പരദേശിയും തീർത്ഥാടകനുമായി ജീവിച്ചത് ആരാണ്?
7. "ദൈവമേ നീ എന്നെ നിനക്കായി സൃഷ്ടിച്ചു; നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും." ആരുടെ വാക്കുകൾ?
8. ക്രിസ്തുവിനോടൊപ്പം പരമപിതാവിങ്കലേയ്ക്കുള്ള തീർത്ഥയാത്രയുടെ ലക്ഷ്യം?
9. "അങ്ങേയ്ക്ക് എതിരായി പാപം ചെയ്യാതിരിക്കാൻ ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു." ആരുടെ വാക്കുകളാണിത്?
10. ക്രൈസ്തവ ജീവിതത്തിന്റെ ശക്തി കേന്ദ്രം ഏതാണ് ?

വചനത്തെ യോജിപ്പിച്ചെഴുതുക. 5×1=5

11.	"ഈ അവസാനനാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചു."	-	മത്തായി 19:24
12.	"മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ നാവിൽനിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്."	-	അപ്പ. പ്രവ. 2:42
13.	"മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തി തന്നത്."	-	ഹെബ്രാ. 1:2
14.	"ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്."	-	മത്തായി 4:4
15.	"അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സജീവമായി പങ്കുചേർന്നു."	-	മത്തായി 16:17

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 7×2=14

16. ബൈബിൾ വ്യാഖ്യാനത്തിൽ ശ്രദ്ധിക്കേണ്ട ഏതെങ്കിലും 2 കാര്യങ്ങൾ കുറിക്കുക.
17. നിത്യജീവിതത്തിലുള്ള വിശ്വാസം എന്നാൽ എന്ത്?
18. അധികാരമോഹം അപകടകരമാകുന്നതെപ്പോൾ?
19. തൊഴിലാളിയേയും തൊഴിൽ ദാതാവിനേയും കുറിച്ച് സഭയുടെ കാഴ്ചപ്പാട് എന്ത്?

20. വിശുദ്ധ ലിഖിതത്തിന്റെ ധാർമ്മികാർത്ഥം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

21. വിശ്വാസത്തിന്റെ സംശുദ്ധ സാക്ഷ്യത്തിനായി മറിയത്തെ സഭ വണങ്ങുന്നതെന്തുകൊണ്ട്?

22. തെറ്റായ യൂഗാന്ത്യോന്മുഖത എന്നതുകൊണ്ട് എന്നാണ് അർത്ഥമാക്കുന്നത്?

നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 4×4=16

23. ഈശോ ദൈവിക വെളിപാടിന്റെ പൂർണ്ണതയാണെന്ന് സമർത്ഥിക്കുക.

24. അമിതമായ ധനാസക്തി വിഗ്രഹാരാധന തന്നെയാണ്. വിശദമാക്കുക.

25. ക്രൈസ്തവവിശ്വാസിക്ക് കമ്മ്യൂണിസം അസ്വീകാര്യമാക്കുന്ന ഘടകങ്ങൾ ഏവയെന്ന് കുറിക്കുക.

26. ആത്മീയ പോരാട്ടത്തിൽ വിജയികളാകാൻ കൂട്ടായ്മയിലൂടെ ശക്തി പ്രാപിക്കേണ്ടതിന്റെ ആവശ്യകത വിശദമാക്കുക.

ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. 1×5=5

27. അബ്രാഹം വിശ്വാസികളുടെ പിതാവ്.

2 പേജിൽ കവിയാതെ ഉപന്യാസം എഴുതുക. 1×10=10

28. വചനാധിഷ്ഠിത ജീവിതം നയിക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ചുരുക്കി വിവരിക്കുക.

അല്ലെങ്കിൽ

തിന്മയ്ക്കെതിരെയുള്ള ക്രിസ്തീയ പോരാട്ടത്തിന്റെ 2 തലങ്ങളെക്കുറിച്ച് ചുരുക്കി വിവരിക്കുക.

പാർട്ട് 2

ഒറ്റവാക്കിൽ ഉത്തരമെഴുതുക. 5×1=5

29. പ്രകാശത്തിന്റെ രഹസ്യങ്ങൾ ജപമാലയോട് കൂട്ടിച്ചേർത്ത പാപ്പ.

30. മരിയ ഭക്തി ആസ്പദമാക്കി പോൾ ആറാമൻ പാപ്പ പുറപ്പെടുവിച്ച വിശ്വലേഖനം.

31. സഭൈക്യത്തിന്റെ പാപ്പ എന്നറിയപ്പെടുന്നതാര്?

32. ഏറ്റവും കൂടുതൽ കാലം സഭയെ ഭരിച്ച പാപ്പ.

33. ദിവ്യകാരുണ്യത്തിന്റെ പാപ്പ എന്നറിയപ്പെടുന്ന മാർപാപ്പ ആര്?

നമസ്കാരങ്ങൾ എഴുതുക.

34. മഹിമയുടെ മൂന്നാം ദൈവരഹസ്യം എഴുതുക. 4

35. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ ഏവ? 3

യൂ ക്യാറ്റ് എന്ന യുവജന മതബോധന ഗ്രന്ഥത്തെ അധികരിച്ച് ഉത്തരമെഴുതുക. 2×4=8

36. വിശ്വാസം അറിവും വിശ്വസിച്ച് ആശ്രയിക്കലുമാണെന്ന് നമുക്ക് അറിയാം. വിശ്വാസത്തിന്റെ സവിശേഷതകളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

37. മരിച്ച് വിശുദ്ധീകരണാവസ്ഥയിലായിരിക്കുന്നവരെ നമുക്ക് ഏതെല്ലാം വിധത്തിൽ സഹായിക്കാം?